**പതിനഞ്ചാം കേരള നിയമസഭ**
**മൂന്നാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**
**28-10-2021**

**(19) ഭേദഗതികൾ ലിസ്റ്റിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച്**

2021 ഒക്ടോബർ 28-ാം തീയതി നിയമനിർമ്മാണകാര്യത്തിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ സർവ്വകലാശാലാ (ഭേദഗതി) ബില്ലിന്റെ പരിഗണനാവേളയിൽ, പ്രസ്തുത ബില്ലുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ 600-ലധികം ഭേദഗതികൾ സമയം വൈകിയെന്ന കാരണത്താൽ മാറ്റിവച്ചത് പ്രതിപക്ഷാംഗങ്ങളുടെ അവകാശത്തെ ഹനിക്കുന്ന നടപടിയാണെന്നും ബില്ലിന്റെ നിയമനിർമ്മാണ നടപടികളുമായി സഹകരിക്കണമെങ്കിൽ പ്രതിപക്ഷാംഗങ്ങളുടെ ഭേദഗതികൾ ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ബില്ലിന്റെ പരിഗണന മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കുകയോ ചെയ്യണമെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.

"പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മൂന്ന് ദിവസത്തെ സമ്മേളനം വെട്ടിച്ചുരുക്കിയതിനാലും അന്നേ ദിവസത്തേയ്ക്ക് നിശ്ചയിച്ചിരുന്ന ബിസിനസ്സുകൾ മറ്റൊരു ദിവസത്തേയ്ക്ക് ക്രമീകരിക്കേണ്ടിവന്നതിനാലുമാണ് ഭേദഗതികൾ സമർപ്പിക്കേണ്ട സമയക്രമത്തിൽ മാറ്റംവരുത്തിയത്. ഭേദഗതികൾ സമർപ്പിക്കാനുള്ള സമയപരിധി 26-10-2021-ന് ഉച്ചയ്ക്ക് 2.00 മണി വരെയായിരുന്നെങ്കിലും വൈകിട്ട് 4.00 മണി വരെ ലഭിച്ച ഭേദഗതികൾ സ്വീകരിച്ചിട്ടുണ്ട്. 5.00 മണിക്കുശേഷം ലഭിച്ച ഭേദഗതികൾ സ്വീകരിച്ച് ലിസ്റ്റാക്കാൻ സമയം അനുവദിക്കാത്തതിനാൽ ചെയറിന്റെ നിർദ്ദേശാനുസരണമാണ് ഒഴിവാക്കിയിട്ടുള്ളത്. ഇനിയും സമ്മേളനം ക്രമീകരിക്കുന്നതിനുള്ള സമയമില്ലാത്തതിനാൽ ബിൽ മാറ്റിവയ്ക്കുന്നത് അപ്രായോഗികമാണ്."